# TABLE TENNIS ASSOCIATION OF KERALA

YMCA, Thiruvananthapuram, Kerala 695 001
E-mail: tabletenniskerala@gmail.com
Registration No:TVM/TC/1109/2018


**PRESIDENT**
N.GANESHAN
51, Prem Nagar
Thiruvananthapuram 695 002
Phone : 9895971299

**HON. SECRETARY**
MICHAEL MATHAI
Karikkampallil
Thathampally P.O.,
Alappuzha 688 013
Phone : 94473 56870


**TREASURER**
MURALI SANKAR H.
Shree, TC 43/490 (3)
Thrimoorthi Nagar, Muttathara, Vallakadavu P.O.,
Thiruvananthapuram 695 008
Phone : 9249414941


അറ്റൻഷൻ സ്പോർട്സ് ഡെസ്ക്
വാർത്ത/പ്രസിദ്ധീകരണാർഥം

പ്രിയ സുഹൃത്തേ,

പുതുതായി രൂപവത്കരിച്ച ടേബിൾ ടെന്നിസ് അസോസിയേഷൻ ഓഫ് കേരള (ടിടിഎകെ)-യെക്കുറിച്ചുള്ള വിവരങ്ങൾ അടക്കം ചെയ്യുന്നു. ദയവായി വിശദമായും പ്രാധാന്യത്തോടെയും എത്രയും വേഗം പ്രസിദ്ധീകരിക്കാനുള്ള ഏർപ്പാടുകൾ ചെയ്യണമെന്ന് അഭ്യർഥിക്കുന്നു.

സ്നേഹപൂർവം,



മൈക്കിൾ മത്തായി
ഹോണററി സെക്രട്ടറി
ടേബിൾ ടെന്നിസ് അസോസിയേഷൻ ഓഫ് കേരള (ടിടിഎകെ)

30.09.2018

കൂടുതൽ വിവരങ്ങൾക്കു ബന്ധപ്പെടാം:

ശ്രീ എം.പി.സിംഗ്, സെക്രട്ടറി ജനറൽ, ടിടിഎഫ്ഐ +919899443333
ശ്രീ എൻ.ഗണേശൻ, പ്രസിഡന്റ്, ടിടിഎകെ +919895971299

## കേരളത്തിൽ അംഗീകാരമുള്ള പുതിയ സംസ്ഥാനതല ടേബിൾ ടെന്നിസ് അസോസിയേഷൻ ടിടിഎകെ

തിരുവനന്തപുരം: ടേബിൾ ടെന്നിസ് കളിയുടെ പ്രോത്സാഹനത്തിനു പ്രാമുഖ്യം കൊടുക്കുന്നതും സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്നതുമായ ടേബിൾ ടെന്നിസ് അസോസിയേഷൻ ഓഫ് കേരളയ്ക്ക് (ടിടിഎകെ) രൂപം നല്കി. ടേബിൾ ടെന്നിസ് രംഗത്തെ അനുഭവസമ്പന്നരായ പ്രമുഖരാണ് അസോസിയേഷനെ നയിക്കുന്നത്. സൊസൈറ്റി രജിസ്ട്രേഷൻ നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള അസോസിയേഷനെ ടേബിൾ ടെന്നിസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (ടിടിഎഫ്ഐ) അഫിലിയേറ്റ് ചെയ്തു.

ഭാരവാഹികളായി എൻ.ഗണേശൻ (തിരുവന്തപുരം)-പ്രസിഡന്റ്, മൈക്കിൾ മത്തായി (ആലപ്പുഴ)-ഹോണററി സെക്രട്ടറി, മുരളി ശങ്കർ എച്ച് (തിരുവനന്തപുരം)-ട്രഷറർ തുടങ്ങിയവരെ തെരഞ്ഞെടുത്തു.

തിരുവനന്തപുരം വൈഎംസിഎയിലായിരിക്കും അസോസിയേഷന്റെ കേന്ദ്ര ഓഫീസ് പ്രവർത്തിക്കുക. ഫോൺ: 9895971299 ഇ-മെയിൽ: tabletenniskerala@gmail.com

## കളിക്കാരെ ഫോം നിലനിർത്തി പങ്കെടുപ്പിക്കും: ഗണേശൻ

ഗുവാഹട്ടി: കേരളത്തിലെ മികച്ച ടേബിൾ ടെന്നിസ് കളിക്കാരെ സംസ്ഥാനത്തിനു പുറത്തും വിദേശങ്ങളിലും നടത്തുന്ന മത്സരങ്ങളിൽ ഫോം നിലനിർത്തി പങ്കെടുപ്പിക്കാനുള്ള ഏർപ്പാടുകൾ ചെയ്യുമെന്നു പുതുതായി രൂപവത്കരിച്ച ടേബിൾ ടെന്നിസ് അസോസിയേഷൻ ഓഫ് കേരള (ടിടിഎകെ) പ്രസിഡന്റ് എൻ.ഗണേശൻ. ആസാമിലെ ഗുവാഹട്ടിയിൽ നടക്കുന്ന നാഷണൽ റാങ്കിംഗ് ടേബിൾ ടെന്നിസ് ഈസ്റ്റ് സോൺ ചാമ്പ്യൻഷിപ്പിൽ കോമ്പറ്റീഷൻ മാനേജരാണ് ഗണേശൻ.

ദീർഘദൂര ട്രെയിനുകളിൽ ഇപ്പോൾ ചാമ്പ്യൻഷിപ്പുകളിൽ പങ്കെടുക്കാൻ പോകുന്ന കളിക്കാരുടെ യാത്ര ബുദ്ധിമുട്ടേറിയതാണ്. പലപ്പോഴും റിസർവേഷൻ പോലുമില്ലാതെ ഉറക്കം നഷ്ടപ്പെട്ടു ക്ഷീണിച്ചു വശംകെട്ടായിരിക്കും പരിചയമില്ലാത്ത കാലാവസ്ഥയിലേക്കു ചെന്നിറങ്ങുന്നത്. അത് കളിയെ ദോഷകരമായി ബാധിക്കും. തുടക്കമെന്ന നിലയിൽ തേഡ് എസിയിൽ കളിക്കാരെ വിടാൻ ശ്രമിക്കും.

ടേബിൾ ടെന്നിസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (ടിടിഎഫ്ഐ) ഓൺലൈൻ റിസൾട്ട് മൊഡ്യൂൾ അവതരിപ്പിച്ചുകഴിഞ്ഞു. അത് കേരളത്തിലെ ടൂർണമെന്റുകളിലും ഏത്രയും വേഗം നടപ്പിലാക്കും. കളിപ്രേമികൾക്ക് വിശദമായ റിസൾട്ട് ഉടനുടൻ വെബ്സൈറ്റിലൂടെ ഇതിലൂടെ ലഭ്യമാക്കാനാകും.

കേരളത്തിലെ ടേബിൾ ടെന്നിസ് അരീനകൾ എല്ലാം അന്താരാഷ്ട്രനിലവാരത്തിലേക്ക് ഉയർത്താൻ ഏർപ്പാടുകളുണ്ടാക്കും. മത്സരവേദികളിലെ കാണികളുടെ ആവേശം അതിരുകടക്കാൻ അനുവദിക്കില്ല. എല്ലാ കാര്യങ്ങളിലും അച്ചടക്കത്തിനു മുന്തിയ പ്രാധാന്യം നല്കും.

## ടേബിൾ ടെന്നിസ് പ്രേമികൾക്കെല്ലാം അനുയോജ്യമായ മത്സരങ്ങൾ

ആലപ്പുഴ: കേരളത്തിലെ എല്ലാ ടേബിൾ ടെന്നിസ് പ്രേമികൾക്കും അനുയോജ്യമായ രീതിയിൽ കോച്ചിംഗും മത്സരങ്ങളും മികച്ച അടിസ്ഥാന പശ്ചാത്തല സംവിധാനങ്ങളൊരുക്കി സംഘടിപ്പിക്കുമെന്നു പുതുതായി രൂപവത്കരിച്ച ടേബിൾ ടെന്നിസ് അസോസിയേഷൻ ഓഫ് കേരള (ടിടിഎകെ) ഹോണററി സെക്രട്ടറി മൈക്കിൾ മത്തായി വ്യക്തമാക്കി.

...... 3

ഇതിന്റെ ഭാഗമായി ആലപ്പുഴയിൽ ഉടനെ രണ്ടു സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കും. ടേബിൾ ടെന്നിസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (ടിടിഎഫ്ഐ)-യുടെ സംഘാടനത്തിൽ 11 സ്പോർട്സ് ഓൾ കേരള ഇന്റർ സ്കൂൾ ചാമ്പ്യൻഷിപ്പ് ഉടനെ നടത്തും. കൂടാതെ ആലപ്പുഴ വൈ.എം.സി.എയുടെ സഹകരണത്തോടെ ഓൾ കേരള പ്രൈസ് മണി റാങ്കിംഗ് ടൂർണമെന്റ് സംഘടിപ്പിക്കും. തുടർന്നു മറ്റു ജില്ലകളിലും റാങ്കിംഗ് ടൂർണമെന്റുകൾ ഏർപ്പെടുത്തും.

കളിക്കാർക്ക് ബുദ്ധിമുട്ടുണ്ടാകാതിരിക്കാൻ ഈ സീസണിൽ സെപ്റ്റംബർ വരെ നടത്തിയിട്ടുള്ള റാങ്കിംഗ് ടൂർണമെന്റുകളുടെ റാങ്കിംഗ് പരിഗണിക്കും. ഈ സീസണിൽ തുടർന്നു ടിടിഎകെ നടത്തുന്ന ടൂർണമെന്റുകളിലെ ഫലങ്ങളായിരിക്കും അംഗീകൃത റാങ്കിംഗിനു കണക്കിലെടുക്കുക. അർഹരായ കളിക്കാർക്ക് യാതൊരുവിധ തടസ്സങ്ങളുമുണ്ടാകാത്ത രീതിയിൽ കാര്യങ്ങൾ ക്രമീകരിക്കും. ജില്ലാതല അസോസിയേഷനുകൾക്കും ക്ലബുകൾക്കും ആവശ്യമായ പിന്തുണ നല്കും.

**ടിടിഎകെയ്ക്ക് യഥാർത്ഥമായ താത്പര്യമുണ്ടെന്നു വ്യക്തമായതായി ടിടിഎഫ്ഐ സെക്രട്ടറി ജനറൽ**

ന്യൂഡൽഹി: കേരളത്തിൽ ടേബിൾ ടെന്നിസ് കളി അഭിവൃദ്ധിപ്പെടുത്തുന്നതിനു ടേബിൾ ടെന്നിസ് അസോസിയേഷൻ ഓഫ് കേരള (ടിടിഎകെ)-യ്ക്ക് യഥാർത്ഥമായ താത്പര്യമുണ്ടെന്നു വ്യക്തമായതായി ടേബിൾ ടെന്നിസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (ടിടിഎഫ്ഐ) സെക്രട്ടറി ജനറൽ എം.പി.സിംഗ്. ടിടിഎകെയ്ക്ക് ടിടിഎഫ്ഐയുടെ അഫിലിയേഷൻ അനുവദിച്ചുള്ള കത്തിലാണ് ഇക്കാര്യമുള്ളത്.

സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുള്ള ടിടിഎകെയുടെ മെമ്മോറാണ്ഡം ഓഫ് അസോസിയേഷൻ ടിടിഎഫ്ഐയുടെ ബൈലോയുമായി പൂർണമായും ചേരുന്നതാണെന്നു സെക്രട്ടറി ജനറൽ ചൂണ്ടിക്കാട്ടി. സംസ്ഥാനത്തെ ഭൂരിഭാഗം ജില്ലാ അസോസിയേഷനുകളും ടിടിഎകെയിലാണ് അഫിലിയേറ്റ് ചെയ്തിട്ടുള്ളത്.

ഇതൊടൊപ്പം കെടിടിഎയെ ഡിസഫിലിയേറ്റ് ചെയ്യുകയും ചെയ്തു. ഗുവാഹട്ടിയിൽ ചേർന്ന ടിടിഎഫ്ഐ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിലാണ് അഫിലിയേഷൻ, ഡിസഫലിയേഷൻ തീരുമാനങ്ങളെടുത്തത്.

കേരളത്തിൽ സംസ്ഥാനതലത്തിൽ നിലവിൽ അംഗീകാരമുള്ള ഏക ടേബിൾ ടെന്നിസ് അസോസിയേഷനാണ് ടിടിഎകെ. ഇന്റർനാഷണൽ ടേബിൾ ടെന്നിസ് ഫെഡറേഷനിലും (ഐടിടിഎഫ്) ഇന്ത്യൻ ഒളിംപിക് അസോസിയേഷനിലും ടിടിഎഫ്ഐ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

**നിലവിലുള്ളതിനു നിയമപരമായി നിലനില്പ്പില്ല; അനിവാര്യമായ പുതിയ ടിടി അസോസിയേഷൻ**

കൊച്ചി: ടേബിൾ ടെന്നിസ് അസോസിയേഷൻ ഓഫ് കേരള (ടിടിഎകെ)-യുടെ അനിവാര്യമായ രൂപവത്കരണത്തോടെ ഏകദേശം മൂന്നു പതിറ്റാണ്ടായി സംസ്ഥാനതല അസോസിയേഷൻ എന്ന് അവകാശപ്പെട്ടിരുന്ന കേരള ടേബിൾ ടെന്നിസ് അസോസിയേഷന്റെ (കെടിടിഎ) അംഗീകാരമാണ് ഇല്ലാതാകുന്നത്.

കേരളത്തിൽ പ്രവർത്തിച്ചിരുന്ന കേരള ടേബിൾ ടെന്നിസ് അസോസിയേഷൻ (കെടിടിഎ) ഒരിക്കലും ചട്ടങ്ങൾ പാലിച്ചല്ല പ്രവർത്തിച്ചു വന്നിരുന്നതെന്നും അതിനാൽ നിയമത്തിനു മുന്നിൽ നിലനില്പ്പില്ലെന്നും രേഖാമൂലം വ്യക്തമായതിനെത്തുടർന്നാണ് കളിക്കാരുടെ താത്പര്യം സംരക്ഷിക്കാനായി ടേബിൾ ടെന്നിസ് അസോസിയേഷൻ ഓഫ് കേരളയ്ക്ക് (ടിടിഎകെ) ടേബിൾ ടെന്നിസ് കളിയിൽ താത്പര്യമുള്ളവർ ചേർന്നു രൂപം നല്കിയത്.

...... 4

കെടിടിഎ ആകട്ടെ ആരംഭിച്ച 1990 മുതൽ നിയമപരമായുള്ള നടപടിക്രമങ്ങളൊന്നും പാലിച്ചിട്ടില്ല. ഇത് ഭാവിയിൽ പലവിധത്തിലും മുൻകാലപ്രാബല്യ നഷ്ടപരിഹാര നടപടികൾക്കും വ്യവഹാരങ്ങൾക്കും കാരണമാകുമെന്നതിനാൽ സംസ്ഥാനത്തെ ഭൂരിഭാഗം ടേബിൾ ടെന്നിസ് കളിക്കാർക്കും കളിയുമായി ബന്ധപ്പെട്ടവർക്കും കെടിടിഎയിൽ തുടരാൻ താത്പര്യമില്ലെന്നു വ്യക്തമാക്കിയതിനെത്തുടർന്നാണ് പുതിയ അസോസിയേഷൻ വേണ്ടിവന്നത്. വിദ്യാർഥികളുടെയും കളിക്കാരുടെയും അവസരങ്ങളും ഭാവിയും കെടുകാര്യസ്ഥതയിൽ പ്രവർത്തിക്കുന്ന കെടിടിഎ നഷ്ടപ്പെടുത്തുകയാണെന്നു വ്യാപകമായി ആരോപണമുയർന്നിരുന്നു.

കേരള ടേബിൾ ടെന്നിസ് അസോസിയേഷൻ എന്ന പേരിലുള്ള സ്പോർട്സ് അസോസിയേഷൻ പ്രവർത്തിക്കുന്നതു നിയമപരമായ രജിസ്ട്രേഷൻ കൂടാതെയാണെന്നു സൊസൈറ്റി രജിസ്ട്രാർ നടത്തിയ അന്വേഷണ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. അസോസിയേഷൻ ഇപ്പോൾ പ്രവർത്തിച്ചു വരികയാണോ എന്നുള്ളതു സംബന്ധിച്ച് നാളിതുവരെ യാതൊരു വിവരവും ലഭ്യമല്ലെന്നും രജിസ്ട്രാർ സൂചിപ്പിച്ചു.

നിയമപരമായി യോഗ്യതയില്ലാത്ത സ്പോർട്സ് അസോസിയേഷൻ, സർക്കാർ ഫണ്ടുകൾ കണക്കുകളും രേഖകളും സൂക്ഷിക്കാതെ സ്വീകരിക്കുന്നതും ചെലവഴിക്കുന്നതും നിയമവിരുദ്ധമാണെന്നു മാത്രമല്ല ഗുരുതരമായ ക്രിമിനൽ കുറ്റവുമാണ്.
അടിസ്ഥാനപരമായി അംഗീകാരമില്ലാതെ പ്രവർത്തിച്ച അസോസിയേഷൻ 28 വർഷങ്ങളായി നടത്തിയ ടൂർണമെന്റുകളുടെയും മറ്റു നടപടികളുടെയും സാധുത ഇനി ചോദ്യം ചെയ്യപ്പെടാം.